**പ്രസിദ്ധീകരണത്തിന്**

കേരളത്തിലെ നിരവധി പഞ്ചായത്തുകളെ വളരെ ദോഷകരമായി ബാധിക്കുന്ന സുപ്രധാന വിഷയമാണ് ബഫർ സോൺ പ്രശ്നം. മലയോരകർഷകമേഖലയിലെ ജനവാസ കേന്ദ്രങ്ങളെയും ജനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ഒരുകിലോമീറ്റർ കരുതൽമേഖല സംരക്ഷിതവനമേഖലകൾ, ഉദ്യാനങ്ങൾ എന്നിവയ്ക്കു ചുറ്റും നിർമ്മിച്ചെടുക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശവാസികൾക്ക് ആശങ്കയോടെ മാത്രമേ കാണാൻ കഴിയൂ. വനാതിർത്തികളിൽ ജനങ്ങൾ പാർക്കുന്നുണ്ട്. അവിടെ കെട്ടിടങ്ങൾ, വീടുകൾ എന്നിവ സ്ഥിതി ചെയ്യുന്നുമുണ്ട്. തലമുറകളായി കഷ്ടപ്പെട്ടും അദ്ധ്വാനിച്ചും രൂപപ്പെടുത്തി എടുത്തിരിക്കുന്ന പ്രസ്തുത നിർമ്മിതികളും ഭൂമിയും നഷ്ടപ്പെട്ടുപോകുമോ എന്ന ഭയത്തിലാണ് മലയോര മേഖലയിലെ ജനങ്ങൾ. കേരളത്തെ സംബന്ധിച്ച് ഇത്തരം പ്രദേശങ്ങളിൽ പതിനായിരക്കണക്കിന് ഏക്കർ കൃഷിഭൂമിയും വീടുകളും കെട്ടിടങ്ങളും ഉണ്ടെന്നുള്ളതാണ് പ്രധാന പ്രശ്നം. ഈ മേഖലയിലെ ജനങ്ങൾ ബഹുഭൂരിപക്ഷം കൃഷിക്കാരാണ്. കരുതൽമേഖല സൃഷ്ടിക്കുമ്പോൾ യാതൊരുവിധ പ്രതിഫലവും കൂടാതെ ഇവ സർക്കാർ പിടിച്ചെടുക്കുകയോ, തനിയെ ഒഴിഞ്ഞുപോവുകയോ ചെയ്യേണ്ടിവരുമെന്നുള്ള ധർമ്മസങ്കടമാണ് അവിടെയുള്ള ജനങ്ങൾക്ക്. ഇതിനു ബദലായി യാതൊരു മാർഗ്ഗവും കണ്ടെത്താതെ ഇവരെ കുടിയൊഴിപ്പിക്കേണ്ടിവന്നാൽ അതിന് സർക്കാർ വലിയ വില നല്കേണ്ടതായിവരും. തന്നെയുമല്ല, ഈ കരുതൽമേഖലയ്ക്കുള്ളിൽ ചെറിയ നഗരങ്ങളും ഉൾപ്പെടുന്നു.

രാജ്യത്തെ എല്ലാ സംരക്ഷിതവനപ്രദേശങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ കരുതൽമേഖല കർശനമാക്കി ബഹു. സുപ്രീംകോടതി ഉത്തരവിട്ടത് 2022 ജൂൺ മൂന്നിനാണ്. ഈ ഉത്തരവിന്റെ പശ്ചാത്തലത്തിൽ വിധി നടപ്പാക്കേണ്ടത് സർക്കാരുകളുടെ ഉത്തരവാദിത്വമായി. കോടതിയുടെ പ്രസ്തുത ഉത്തരവിന് മുമ്പുതന്നെ ഈ വിഷയം സംബന്ധിച്ച് ചർച്ചകളും നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. 2013-ൽ സംസ്ഥാനമന്ത്രിസഭ അംഗീകരിച്ച കരുതൽമേഖല സംബന്ധിച്ച നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളതായിട്ടാണ് അറിയുന്നത്.

മേല്പറഞ്ഞ എല്ലാ പഞ്ചായത്തുകളിലും ഈ വിഷയത്തിൽ വിദഗ്ദ്ധരായ വ്യക്തികളെ ഉൾപ്പെടുത്തി സമിതികൾ രൂപീകരിക്കാൻ സർക്കാർ എത്രയുംവേഗം തയ്യാറാവുകയാണ് വേണ്ടത്. പ്രസ്തുത സമിതികളും റിപ്പോർട്ടുകൾ ശേഖരിച്ച് ഉന്നതതലസമിതിക്ക് റിപ്പോർട്ട് നല്കണം. ഇത്തരത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാർ സുപ്രീംകോടതിയിൽനിന്ന് സമയം നീട്ടിവാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം. കരുതൽമേഖലയുടെ അതിർത്തി നിർണ്ണയിച്ച് അതിരടയാളം സഹിതമുള്ള മാപ്പ് ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധീകരിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കിലോമീറ്റർ കരുതൽമേഖലയിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയുടെയും വീടുകളുടെയും മറ്റു നിർമ്മിതികളുടെയും കണക്കെടുത്ത് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുക. ഈ ലിസ്റ്റിൽ ആക്ഷേപമുള്ളവർക്ക് പരാതി സമർപ്പിക്കാനുള്ള അവസരം നല്കുക. പരാതി സംബന്ധിച്ച് ഹിയറിംഗ് നടത്തി തീരുമാനമെടുക്കാവുന്നതാണ്.

മലയോരകർഷകരെയും അവിടെ പാർക്കുന്ന ജനങ്ങളെയും നിർമ്മിതികളെയും ഒഴിവാക്കി ബഫർ സോൺ പ്രശ്നത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് സർക്കാർ അതീവ ശ്രദ്ധയോടെ പ്രവർത്തിച്ച് ഒരു ശാശ്വതപരിഹാരം കണ്ടെത്തുകയാണ് വേണ്ടത്.

പെരുന്ന
21.12.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി